സ്കൂൾ ഹെൽത്ത് പ്രോഗ്രാം

1157 [1588] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ ഹെൽത്ത് പ്രോഗ്രാം ഇപ്പോഴും നടപ്പാക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മായിപ്പാടി ട്രെയിനിംഗ് സ്കൂളിൽ മലയാളം ബാച്ചു തുടങ്ങണമെന്ന നിവേദനം

1158 [1589] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മായിപ്പാടി ട്രെയിനിംഗ് സ്കൂളിൽ മലയാളം ബാച്ചു തുടങ്ങണമെന്ന നിവേദനം ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്ക് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനം ഗവൺമെൻറിന്റെ പരിഗണനയിലാണ്.

ഏകീകൃത പ്രമോഷൻ സമ്പ്രദായം

1159 [1590] ശ്രീ. സി. വാസുദേവമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ഏകീകൃത പ്രമോഷൻ സമ്പ്രദായം ഏർപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഈ അദ്ധ്യാന വർഷം മുതൽ ഇതു നടപ്പാക്കുമോ ;

(സി) ഡിപ്പാർട്ടുമെൻറ്, എയിഡഡ്, അൺഎയിഡഡ് സ്കൂളുകൾക്ക് ഇത് ബാധകമായിരിക്കുമോ ;

(ഡി) പുതിയ സംവിധാനത്തിന്റെ മാതൃക എന്താണ് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അതിനുള്ള നടപടി സ്വീകരിച്ചു കഴിഞ്ഞു.

(സി) ആയിരിക്കും.

(ഡി) ഒരു ഏകീകൃത പ്രമോഷൻ സമ്പ്രദായം ഈ അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതു പ്രകാരം വാർഷിക പരീക്ഷയ്ക്കു ഓരോ വിഷയത്തിനും പ്രത്യേകം പ്രത്യേകം 20%-ൽ കുറയാതെയും മൊത്തം 35%-ൽ കുറയാതെയും മാർക്കുള്ള കുട്ടികളെ ജയിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly